ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്രട്ടറീസ് കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി

17 [5160] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ഒഴിവുകൾ പി. എസ്. സി.-ക്ക് ഇപ്പോഴും റിപ്പോർട്ട് ചെയ്യാത്ത സ്ഥിതി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ തസ്തിക നിർണ്ണയത്തിനായി രൂപീകരിച്ച ഗവൺമെന്റ് സെക്രട്ടറിമാരുടെ കമ്മിറ്റിയുടെ അനുവാദം ലഭിക്കാതെ വേക്കൻസികൾ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ പാടില്ലെന്ന ഉത്തരവ് നിലനിൽക്കുന്നതാണ് ഇതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സർക്കാർ രൂപീകരിച്ച ഗവൺമെന്റ് സെക്രട്ടറിമാരുടെ കമ്മിറ്റി പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി, സി) സർക്കാർ സർവീസിൽ അധിക തസ്തിക കണ്ടെത്താനായി രൂപീകരിച്ച കമ്മിറ്റി, അധികമാണെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകൾ, മറ്റു വകുപ്പുകളിൽ പുനർവിന്യസിക്കുന്നതിന് സാദ്ധ്യതയുള്ള കേസുകളിൽ മാത്രമേ, പി. എസ്. സി.-ക്ക് അത്തരം തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുവാൻ അനുമതി നൽകാതിരിക്കുന്നുള്ളു. മറ്റെല്ലാ കേസുകളിലും വകുപ്പുമേധാവികൾ ആവശ്യപ്പെടുന്നതനുസരിച്ച് ഉടനടി അനുവാദം നൽകി വരുന്നുണ്ട്.

ഒഴിവുകൾ പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എസ്. എം. സി.യുടെ അനുവാദം

18 [5161] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുൻപ് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ (എസ്. എം. സി) അനുവാദം എല്ലാ വകുപ്പുകൾക്കും വാങ്ങേണ്ടതുണ്ടോ;

(ബി) ഒരിക്കൽ അനുവാദം നൽകിയ ഒഴിവുകൾ പി. എസ്. സി. വഴി നിയമനം നൽകുമ്പോൾ ജോയിൻ ചെയ്യാത്ത ഒഴിവുകൾ (എൻ. ജെ. ഡി.) നികത്തുന്നതിന് വീണ്ടും സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ അനുവാദം വാങ്ങേണ്ടതുണ്ടോ? എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly